ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ട്

* 204 [253] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ചന്ദ്രഭാനു കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം പരിഗണനയിലുണ്ടോ;

(ബി) മുൻഗവൺമെൻറ് നിയോഗിച്ചിരുന്ന കാസർകോഡ് ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രവർത്തനം നിർത്തലാക്കാൻ കാരണമെന്താണ്;

(സി) കാസർകോഡ് ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഒരു വികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പ്രത്യേക ജില്ലാ രൂപീകരണത്തെത്തുടർന്ന് വിശേഷാൽ സംവിധാനമൊന്നും പരിഗണനയിലില്ല.

(ബി) കാസർകോഡ് ജില്ല ആരംഭിച്ചതുമൂലം കാസർകോഡ് ഡവലപ്പ്മെൻറ് അതോറിറ്റി അപ്രസക്തമായിത്തീർന്നതുകൊണ്ട്.

(സി) കാസർകോഡിൻെറ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു പ്രത്യേക ജില്ലതന്നെ രൂപം പ്രാപിച്ചിട്ടുള്ളതിനാൽ ഇനിയുമൊരു വികസന അതോറിറ്റിക്കു സാംഗത്യമില്ലെന്നതാണ് വസ്തുത.

വനഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി ലഭ്യമാക്കാൻ നടപടി

* 205 [254] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കൽ നിയമമനുസരിച്ച് വനഭൂമി നഷ്ടപ്പെട്ടവർക്ക് സർക്കാർ പകരം ഭൂമി നൽകിയോ;

(ബി) എങ്കിൽ ഓരോരുത്തർക്കും എത്ര ഏക്കർ ഭൂമി വീതമാണ് നൽകിയത്;

(സി) എന്തു വ്യവസ്ഥകളിൻമേലാണ് ഇവർക്ക് ഭൂമി നൽകിയത്;

(ഡി) ഇതിനു അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനമെന്തായിരുന്നു;

(ഇ) എത്രപേരെ ഇങ്ങനെ തെരഞ്ഞെടുത്തിട്ടുണ്ട്;

(എഫ്) എത്രപേർക്ക് ഇതിനകം ഭൂമി നൽകിക്കഴിഞ്ഞു?

LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പു മന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ):

(എ) ഇല്ല. ഇതിനു നിയമത്തിൽ വ്യവസ്ഥയില്ല.

(ബി, സി, ഡി, ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

കൃഷി-ഗ്രാമവികസന പരിപാടികൾക്കായുള്ള കേന്ദ്ര ധനസഹായം

* 206 [256] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:

,, കെ.ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി-ഗ്രാമവികസന പരിപാടികൾക്കായി കേരളത്തിന് 1985–86 വർഷത്തിൽ എത്തെല്ലാം രൂപത്തിൽ എത്ര തുക വീതം കേന്ദ്ര ഗവൺമെൻറിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്;

(ബി) അതിൽ ഏതെങ്കിലും ഇനത്തിൽ ഇതിനകം തുക ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ ഇനത്തിനും എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കേന്ദ്ര ധനസഹായത്തോടുകൂടി കൃഷി വികസനത്തിനായി 456.89 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ വികസനത്തിനായി 4030.21 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) കൃഷിവികസനത്തിനായി കേന്ദ്ര സഹായത്തിന്റെ ഒന്നാം ഗഡുവായി 47.07 ലക്ഷം രൂപയും ഗ്രാമവികസനത്തിനായി 2346.92 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(സി) കൃഷി വികസനം. (1) തെങ്ങുകൃഷിക്കുള്ള പാക്കേജ് പദ്ധതിക്കും, ടി x ഡി തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്ന പദ്ധതിക്കും രോഗബാധിതവും ഉല്പാദനക്ഷമമാക്കുന്ന പദ്ധതിക്കുംകൂടി 15.26 ലക്ഷം രൂപയും (2) ബയോഗ്യാസ് വികസനത്തിന് വേണ്ടി 23 ലക്ഷം രൂപയും സഹകാര്യമേഖലയിൽ കശുമാവ് കൃഷിവികസന പദ്ധതിക്കായും കശുമാവ് തോട്ടങ്ങളിൽ സസ്യസംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്കായി 6.1035 ലക്ഷം രൂപയും (3) പയറു കൃഷി വികസനത്തിനായി 0.465 ലക്ഷം രൂപയും (4) മേൽത്തരം കൃഷി ആയുധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്കായി 2.242 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസനം:– സംയോജിത ഗ്രാമവികസന പദ്ധതിക്കായി 334.72 ലക്ഷംരൂപയും ദേശീയ തൊഴിൽദാന പദ്ധതിക്കായി 635.11 ലക്ഷം രൂപയും ഗ്രാമീണ തൊഴിൽഭ്രദതാ പരിപാടിക്കായി 1257.90 ലക്ഷം രൂപയും . ചെറുകിട പരിമിത കർഷകർക്ക് വേണ്ടിയുള്ള പദ്ധതിക്കായി 104.19 ലക്ഷം രൂപയും പ്രവൃത്യുൻമുഖ സാക്ഷരതാ പരിപാടിക്കായി 15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly